# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 623 — 05.06.2018 ൽ മറുപടിക്ക്

## മാനന്തവാടി ബാംബൂ കോർപ്പറേഷൻ യൂണിറ്റ്

**ചോദ്യം**

ശ്രീ. ഒ. ആർ. കേളു

**ഉത്തരം**

ശ്രീ.എ.സി.മൊയ്തീൻ
(വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മാനന്തവാടി ബാംബൂ കോർപ്പറേഷൻ ലാഭത്തിലാക്കുന്നതിനും വൈവിധ്യവത്കരിക്കുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ച് വരുന്നുണ്ടോ; | (എ) | കേരള സംസ്ഥാന ബാംബൂ കോർപ്പറേഷന്റെ കീഴിൽ നല്ലളത്ത് പ്രവർത്തിക്കുന്ന ഹൈ ടെക് ബാംബൂ ഫ്ളോറിംഗ് ടൈൽ ഫാക് ടറിയുടെ ഒരു ഫീഡർ യൂണിറ്റാണ് മാനന്തവാടിയിൽ പ്രവർത്തിച്ച് വരുന്നത്. ഈ യൂണിറ്റിൽ നല്ലളം ഹൈ ടെക് ബാംബൂ ഫ്ളോറിംഗ് ടൈൽ ഫാക് ടറിയിലേക്ക് ബാംബൂ ഫ്ളോറിംഗ് ടൈൽസ് നിർമ്മിക്കുന്നതിനാവശ്യമായ സ്ലിപ്പ് ആണ് പ്രൊസസ് ചെയ്യുന്നത്. ഈ സ്ലിപ്പ് മുളയിൽ നിന്ന് സബ് പ്രോസസ് എന്ന നിലക്ക് എടുത്ത് നല്ലളം യൂണിറ്റിലേക്ക് ടൈൽ നിർമ്മിക്കുന്നതിന് വേണ്ടി അയക്കുക മാത്രമാണ് ചെയ്യുന്നത്. ഈ യൂണിറ്റ് മാത്രമായി ലാഭത്തിലാക്കാൻ കഴിയില്ല. കൂടാതെ മുള കൊണ്ടുള്ള ഫർണ്ണിച്ചറുകളും ഇവിടെ നിർമ്മിച്ച് നല്ലളത്തെ ഹൈ ടെക് ബാംബൂ ഫ്ളോറിംഗ് ടൈൽ ഫാക്ടറി മുഖേന വിപണനം നടത്തി വരുന്നുണ്ട്. |
| (ബി) | മുള ഉത്പന്നങ്ങൾ നിർമ്മിച്ച് മാനന്തവാടി യൂണിറ്റിൽ തന്നെ വിപണനം ചെയ്യാൻ കഴിയുന്ന കാര്യം പരിഗണിക്കാമോ; | (ബി) | ആവശ്യകതക്കനുസരിച്ച് പരിശോധിക്കാവുന്നതാണ്. |
| (സി) | സ്ഥാപനത്തെ ലാഭത്തിലാക്കാനും തൊഴിലാളികൾക്ക് മെച്ചപ്പെട്ട സേവന - വേതനം ലഭിക്കുന്നതിനും പുതിയ പദ്ധതികൾ നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) | ബാംബൂ ടൂത്ത് പിക്ക്, ബാംബൂ ഇൻസെൻസ് സ്റ്റിക്സ് തുടങ്ങിയ മൂല്യാധിഷ്ഠിത ഉത്പന്നങ്ങളുടെ നിർമ്മാണ പദ്ധതികൾ നടപ്പാക്കാൻ ബാംബൂ കോർപ്പറേഷൻ നടപടികൾ സ്വീകരിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ